"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം- 2025-26 സാമ്പത്തിക വർഷത്തിലെ റെസ്യൂം ചെയ്ത തുക- റിലീസ് ചെയ്ത്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.19/2026/HSG തീയതി,തിരുവനന്തപുരം, 02-07-2026

---

പരാമർശം:- 1. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടറുടെ 06.04.2026-ലെ KESNIK/300/2026-ACCNT നമ്പർ കത്ത്.

2. 01.04.2026-ലെ 17/2026/ധന നമ്പർ സർക്കുലർ.

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് ബജറ്റ് അലോക്കേഷൻ മുഖാന്തിരം 2216-80-101-99, 2216-80-101-98 4216-80-190-95 എന്നീ മൂന്നു ശീർഷകങ്ങളിലായി യഥാക്രമം ₹800 ലക്ഷം, ₹300 ലക്ഷം ₹200 ലക്ഷം എന്നിങ്ങനെ തുകകൾ വകയിരുത്തിയിരുന്നു. ഭരണാനുമതി ലഭിച്ചതിൻ പ്രകാരം ടി തുകകൾ ലഭ്യമാകുമെന്ന് പ്രതീക്ഷിച്ച് വിവിധ പദ്ധതികൾക്കായി തനതു ഫണ്ടിൽ നിന്നും ₹52,28,315/- കെസ്നിക്ക് ചെലവാക്കിയെന്നും ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനത്തിലൂടെ തുക ലഭ്യമാകുവാനായി നടപടികൾ സ്വീകരിച്ചുവെങ്കിലും തുക റെസ്യൂം ചെയ്യുന്ന കാരണത്താൽ ബിൽ നിരാകരിച്ചെന്നും റെസ്യൂം ചെയ്ത തുകയായ ₹64,97,592/- യിൽ നിന്നും ₹52,28,315/- റീഅലോക്കേറ്റ് ചെയ്തു നല്കണമെന്നും ആയത് 799012700001375 നം PSTSB അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ പരാമർശം (1) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് ബജറ്റിൽ വകയിരുത്തിയിരുന്നതിൽ, സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ PSTSB അക്കൗണ്ടിൽ നിന്നും, വർഷാവസാനം സർക്കാർ തിരിച്ചെടുത്ത തുകയിൽ നിന്നും, ₹42,11,697/-, നടപ്പ് സാമ്പത്തിക വർഷത്തെ 2216-80-101-99-P എന്ന ശീർഷകത്തിൽ നിന്നും ₹10,16,618/-, 2216-80-101-98-P എന്ന ശീർഷകത്തിൽ നിന്നും മടക്കി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ശീർഷകങ്ങളുടെ Drawing and Disbursing officer ആയ ഹൗസിംഗ് കമ്മീഷണർ 2026-27 വർഷത്തെ ബജറ്റ് വകയിരുത്തലിൽ നിന്ന് ടി തുക മാറി 799012700001375 നം PSTSB അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ,റെസ്യൂം ചെയ്ത തുക റീ അലോക്കേറ്റ് ചെയ്യുന്ന നടപടി സാധൂകരിക്കുന്നതിലേയ്ക്കായി ആദ്യ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന് മുന്നോടിയായി

ശിപാർശ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം
2. ഹൗസിംഗ് കമ്മീഷണർ, ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
4. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
5. ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് (3489132/WW-WW1/56/2026-FIN dated 16.05.2026)
6. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
7. സബ്ട്രഷറി ഓഫീസർ ,വെള്ളയമ്പലം,തിരുവനന്തപുരം
8. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Krishnakumar S
Date: 03-07-2026 10:23:35

സെക്ഷൻ ഓഫീസർ